

FRIDAY

01/05/2026

വെള്ളിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: SINDHU. K S** **Editor: Dr. V. Krishnadas**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/05/2026

1. വരൾച്ചമൂലം കാർഷികവിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ അറിയിക്കുന്നതിനും, ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി കൃഷിവകുപ്പ് ജില്ലാതല കൺട്രോൾറൂമുകൾ തുറന്നു. കൃഷി നാശ നഷ്ടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്ത ലഘൂകരണത്തിനുമായി കർഷകർക്ക് താഴെ പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാം.

| ക്രമ.നം. | ജില്ലയുടെപേര് | PAO | DDC Personal |
|---|---|---|---|
| 1 | **Thiruvananthapuram** | 9447051142 | 9447242977 |
| 2 | **Kollam** | 9446843427 | 9447349503 |
| 3 | **Pathanamthitta** | 9383470900 | 9446157485 |
| 4 | **Alappuzha** | 9447676414 | 9447789261 |
| 5 | **Kottayam** | 9747519815 | 9447376143 |
| 6 | **Idukki** | 9383470826 | 9447222166 |
| 7 | **Ernakulam** | 9383471179 | 9497678634 |
| 8 | **Thrissur** | 9383471600 | 9446549273 |
| 9 | **Palakkad** | 9383471700 | 9447364599 |
| 10 | **Malappuram** | 7012731058 | 9400796353 |

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

| | | | |
|---|---|---|---|
| 11 | **Kozhikode** | 9446366196, 9447582810 | 9656495737 |
| 12 | **Wayanad** | 9495143422 | 9895720558 |
| 13 | **Kannur** | 9445201095 | 9619047251 |
| 14 | **Kasaragod** | 9400816278 | 9562186292 |

2. മൃഗസംരക്ഷണവകുപ്പിന് കീഴിലുള്ള ചാത്തമംഗലം പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ വിരിയിച്ച മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ശനിയാഴ്ച രാവിലെ 9 മുതൽ 12 വരെ കോഴിക്കോട് ജില്ലാ മൃഗാശുപത്രിയിൽ വച്ച് വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9847932809.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വനശാസ്ത്ര കോളേജിൽ ഫോറസ്റ്റ് റിസോർസ് മാനേജ്മെന്റ് വിഭാഗത്തിൽ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ (പ്രതിമാസം 44100/- രൂപ ഏകീകൃത ശമ്പളം) അസിസ്റ്റന്റ് പ്രൊഫസറെ നിയമിക്കുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകിയിരിക്കുന്ന മാതൃകയിൽ 04-05-2026 തീയ്യതിയ്ക്കകം deanforestry@kau.in എന്ന ഇ-മെയിൽ മുഖേന അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. ഇന്റർവ്യൂ നടക്കുന്ന തീയതി 08.05.2026. കൂടുതൽ വിവരങ്ങൾക്ക് www.kau.in സന്ദർശിക്കുക. ഫോൺ : 0487 2438401

4. അമ്പലവയൽ വട്ടവഞ്ചാൽ റോഡിൽ സ്ഥിതിചെയ്യുന്ന വയനാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ വച്ച് "ശാസ്ത്രീയമായ കോഴി വളർത്തൽ", "ശാസ്ത്രീയമായ ആട് വളർത്തൽ" എന്നീ വിഷയത്തിൽ സൗജന്യപരിശീലനം സംഘടിപ്പിക്കുന്നു. താത്പര്യമുള്ളവർ ഇന്ന് 8590543454 എന്ന നമ്പറിൽ പേര്, ഫോൺ നമ്പർ എന്നിവ സഹിതം വാട്സാപ്പ് മുഖേന രജിസ്റ്റർ ചെയ്യേണ്ടതാണ്.

5. പശുപരിപാലനം, ആടുവളർത്തൽ, കോഴിവളർത്തൽ തുടങ്ങിയവയിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കുകയും സ്വയംതൊഴിൽ സൃഷ്ടിക്കുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ മൃഗസംരക്ഷണ മേഖലയിൽ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് National Livestock Mission (NLM). സംരംഭകത്വ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി - (EDP), ആട് , ചെമ്മരിയാട്,

മാധ്യമപ്രവർത്തകർ തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കോഴി, പന്നി എന്നിവയുടെ ഫാമുകൾ തുടങ്ങുന്നതിന് 50% സബ്സിഡിയിൽ പരമാവധി ₹50 ലക്ഷം രൂപ വരെ ധനസഹായം ലഭിക്കും. തീറ്റപ്പുൽ കൃഷി വികസന പദ്ധതിയിൽ – പച്ച പുല്ല് കൃഷി, സൈലേജ് നിർമ്മാണം, തീറ്റപ്പുൽ വിത്ത് നിർമ്മാണം, എന്നിവക്കും, ബ്രീഡ് ഇമ്പ്രൂവ്മെന്റ് പ്രോഗ്രാമിൽ – ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ , ക്വാളിറ്റി ബ്രീഡ് ഡെവലപ്മെൻറ് ട്രെയിനിങ് പരിപാടി എന്നിവക്കും, സ്കിൽ ഡെവലപ്മെന്റ് & ട്രെയിനിങ് ,കർഷകർക്കുള്ള പരിശീലനം, ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് പരിപാടി എന്നിവക്കും ധനസഹായം ലഭിക്കുന്നതാണ്. സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് , കേരള കന്നുകാലി വികസന ബോർഡ് എന്നിവ മുഖാന്തിരമാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. ഡീറ്റെയ്ൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR) സഹിതം NLM ന്റെ ഒഫീഷ്യൽ സൈറ്റിൽ രജിസ്റ്റർ ചെയ്തതിനു ശേഷം അപേക്ഷ സമർപ്പിക്കാവുന്നതാണ് വെബ് സൈറ്റ് https://nlm.udyamimitra.in

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവര് www.celkau.in എന്ന വെബ്സൈറ്റിലെ 'ഇ-കൃഷി പാഠശാല' മുഖേന രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി: **15 മെയ് 2026. 15 ജൂൺ 2026**-ന് ശേഷം പുതിയ രജിസ് ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ് സൈറ്റില് ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## കാർഷിക നിർദേശം

7. അന്തരീക്ഷ ഊഷ്മാവ് കൂടിയതിനാൽ തെങ്ങിൽ വെള്ളീച്ചയെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ എമൽഷൻ തയ്യാറാക്കിയതിലേക്ക് 20 ഗ്രാം ലെക്കാനിസീലിയം എന്ന മിത്രകുമിൾ ചേർത്ത് നന്നായി കലക്കി ഇലകളുടെ അടിവശത്ത് പതിയത്തക്കവിധം തളിച്ച് കൊടുക്കുക. തെങ്ങിന്റെ കൂമ്പുചീയൽ, ഓല ചീയൽ തുടങ്ങിയ രോഗങ്ങൾ വരാതിരിക്കുവാനുള്ള പ്രതിരോധ നടപടികൾ ഈ മാസം തന്നെ ആരംഭിക്കണം. മണ്ട വൃത്തിയാക്കിയതിനു ശേഷം 1% വീര്യമുള്ള ബോർഡോ മിശ്രിതം ഓലകളിലും കൂമ്പോലകളിലും മണ്ടയിലും നന്നായി തളിക്കണം. വിത്തുതേങ്ങ ഈ മാസം പാകാം. തവാരണക്ക് ഒന്നര മീറ്റർ വീതിയും സൗകര്യം പോലെ നീളവുമാകാം. തടത്തിൽ 30 സെന്റിമീറ്റർ ഇടയകലത്തിൽ ചാലുകീറി വിത്തുതേങ്ങ പാകി ഇടയ്ക്കുള്ള സ്ഥലം മണ്ണിട്ടു മൂടുക. മേൽ ഭാഗം ആകെ മണലിട്ടു മൂടണം. തേങ്ങയുടെ മുകൾ ഭാഗം മാത്രം മണലിന് വെളിയിൽ കണ്ടാൽമതി. തവാരണയിൽ നിന്നും മണ്ണൊലിപ്പ് തടയാനും തണൽ നൽകാനും ഉണങ്ങിയ

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



തെങ്ങോലകൊണ്ട് പുതയിടുക. വിള്ളതേങ്ങ ചരിച്ചോ കുത്തനയോ പാകാം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം